ടൂറിസം വകുപ്പുമന്ത്രിയുടേയും അന്നത്തെ മരാമത്തു വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ മീറ്റിംഗിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെടുകയും മേൽപ്പറഞ്ഞ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയുമാണുണ്ടായത്. ഇതനുസരിച്ച് വിശദമായ 15 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. 2 കോടി രൂപയ്ക്കു പകരം 15 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടാണ് അവർ തയ്യാറാക്കിയത്. ഇത് അന്നത്തെ ടൂറിസം വകുപ്പുമന്ത്രി പൊതുമരാമത്തു വകുപ്പിന്റെ പരിഗണനയ്ക്കയയ്ക്കുകയും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആ വകുപ്പിൽനിന്നും മരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് യാതൊരു തീരുമാനവും മരാമത്തുവകുപ്പ് എടുത്തിട്ടില്ല. ഇത് നബാർഡിന്റെ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം ഗവണ്മെന്റ് സജീവമായി പരിഗണിക്കുന്നതാണ്. ഇതൊടൊപ്പംതന്നെ കേന്ദ്ര ഗവണ്മെന്റിന്റെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയുള്ള പദ്ധതിയിലേയ്ക്കും ഈ പദ്ധതി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

9. ഓമശ്ശേരി ആസ്ഥാനമായി റേഷൻ മൊത്ത വ്യാപാര സ്ഥാപനം

ശ്രീ. സി. മോയിൻകുട്ടി: സർ, വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്. എന്റെ കോൺസ്റ്റിറ്റ്യൂഷനെന്ന് പറയുന്നത് മലയോര, കുടിയേറ്റ, ആദിവാസി, കാർഷിക മേഖലയാണ്. നൂറ് കണക്കിന് റേഷൻ കടകളുള്ള പ്രദേശത്ത് വന്നിച്ച യാത്രാ ദുരിതമാണ് അനുഭവിക്കുന്നത്. 100 കിലോമീറ്റർ സഞ്ചരിച്ചുവേണം ഹോൾ സെയിൽ ഡിപ്പോയിലേയ്ക്ക് പോകാൻ. കോഴിക്കോട്ടെ ഹോൾ സെയിൽ ഡിപ്പോയിലേയ്ക്ക് പോകുന്നതിന് വന്നിച്ച സാമ്പത്തിക ബാദ്ധ്യതയാണ്. ഇരട്ടിക്കുലിയാണ്, ചുരംപോലെയുള്ള പ്രദേശങ്ങളാണ്. അതുകൊണ്ട് തിരുവമ്പാടി മണ്ഡലത്തിൽ കെ. ടി. എം. ഐ. റോഡിൽ സ്റ്റേറ്റ് ഹൈവേയിൽ, ഓമശ്ശേരിയിൽ റേഷൻ ഹോൾ സെയിൽ ഡിപ്പോ അനുവദിക്കണമെന്നുള്ളതാണ് എന്റെ നിവേദനം. സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യത്തിലായാലും വാടക കുറച്ചുകൊടുക്കുന്ന കാര്യത്തിലായാലും ശ്രദ്ധവച്ച് ഈ രംഗത്ത് അടിയന്തിര നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയിൽ നിലവിൽ 15 മൊത്ത വ്യാപാര ഡിപ്പോകളിൽ 958 റേഷൻ കടകൾ ലിങ്ക് ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 64-ഓളം റേഷൻ കടകളെ ഓരോ മൊത്ത ഡിപ്പോയുമായി ലിങ്ക് ചെയ്തിട്ടുണ്ട്. കോഴിക്കോട് താലൂക്കിലെ മുക്കം ഭാഗത്ത് മൊത്തവ്യാപാര ഡിപ്പോ അനുവദിക്കണമെന്ന നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. 80 കടകൾ ലിങ്ക് ചെയ്യാൻ കഴിയുമെന്നും പ്രസ്തുത റേഷൻ കടകൾക്ക് കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നും ഇതുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാനിടയില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ബഹുമാനപ്പെട്ട എം. എൽ. എ. ഉന്നയിച്ച സബ്മിഷൻ, ഓമശ്ശേരി എന്ന സ്ഥലത്ത് മൊത്തവ്യാപാര ഡിപ്പോ അനുവദിക്കുന്നത് സംബന്ധിച്ചാണ്. ഓമശ്ശേരി, മുക്കം എന്നീ പ്രദേശങ്ങൾ അടുത്തടുത്താണ്. അതുകൊണ്ട് ഓമശ്ശേരിയിൽ പുതിയ മൊത്ത വ്യാപാര ഡിപ്പോ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്. ഇതുമൂലം 80 റേഷൻ കടകളിൽ സൗകര്യപ്രദമായി റേഷൻ സാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly